# Desabhimani
# 21 August 2018
# Kochi; After Flood, Dyfi ,Cleaning



## ശുചീകരണത്തിന് യൂത്ത് ബ്രിഗേഡ്

■ 10,000 യുവാക്കൾ ഇന്നുമുതൽ ശുചീകരണത്തിനിറങ്ങും

**കൊച്ചി**

പ്രളയദുരന്തത്തിൽപ്പെട്ടവരുടെ വീടുകളും വ്യാപാരസ്ഥാപനങ്ങളും വൃത്തിയാക്കാൻ 10,000 യുവാക്കളടങ്ങുന്ന യൂത്ത് ബ്രിഗേഡിനെ രംഗത്തിറക്കാൻ ഡിവൈഎഫ്ഐ ജില്ലാ കമ്മിറ്റി തീരുമാനിച്ചു. കേരളത്തിലെ 10 ജില്ലകളിലെ ഡിവൈഎഫ്ഐ യൂത്ത് ബ്രിഗേഡ് പ്രവർത്തകർ ചൊവ്വാഴ്ചമുതൽ ജില്ലയിലെ ദുരന്തബാധിത മേഖലകളിലെത്തി ശുചീകരണപ്രവർത്തനങ്ങൾ നടത്തും.

ഡിവൈഎഫ്ഐ സംസ്ഥാന പ്രസിഡന്റ് എ എൻ ഷംസീർ എംഎൽഎ, സെക്രട്ടറി എം സ്വരാജ് എംഎൽഎ, കേന്ദ്ര കമ്മിറ്റിയംഗങ്ങൾ എന്നിവർ ശുചീകരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും. ശുചീകരണത്തിനുള്ള ഉപകരണങ്ങളും ബ്ലീച്ചിങ് പൗഡറും ലോഷനുകളും പരമാവധി ഡിവൈഎഫ്ഐ പ്രവർത്തകർതന്നെ ഉറപ്പാക്കുമെന്ന് ജില്ലാ സെക്രട്ടറി അഡ്വ. കെ എസ് അരുൺ കുമാർ അറിയിച്ചു.

## പമ്പിങ്ങും വൈദ്യുതിബന്ധവും ഭാഗികമായി പുനരാരംഭിച്ചു

തൃപ്പൂണിത്തുറ, ചോറ്റാനിക്കര, ഉദയംപേരൂർ, മരട്, കുമ്പളം, ആലങ്ങാട്, കരുമാലൂർ, കടുങ്ങല്ലൂർ എന്നിവിടങ്ങളിലെ പമ്പ് ഹൗസുകൾ പ്രവർത്തനം ആരംഭിക്കാൻ ദിവസങ്ങൾ എടുക്കും

**കൊച്ചി**

ആലുവ പമ്പിങ്ങ് സ്റ്റേഷനിൽനിന്ന് വെള്ളം പമ്പു ചെയ്യുന്നത് ഭാഗികമായി പുനരാരംഭിച്ചു. നഗരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിന് ഒരുപരിധിവരെ ഇത് പരിഹാരമാകും. എന്നാൽ തൃപ്പൂണിത്തുറ, ചോറ്റാനിക്കര, ഉദയംപേരൂർ, മരട്, കുമ്പളം, ആലങ്ങാട്, കരിമാലൂർ, കടുങ്ങല്ലൂർ എന്നീ പ്രദേശങ്ങളിലെ പമ്പ് ഹൗസുകൾ പ്രവർത്തനം ആരംഭിക്കാൻ ഇനിയും ദിവസങ്ങൾ എടുക്കുമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

ചേന്ദമംഗലം, മൂത്തകുന്നം, പറവൂർ എന്നിവിടങ്ങളിൽ വൈദ്യുതിബന്ധം ഭാഗികമായി പുനഃസ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ വടക്കേക്കര, ആലങ്ങാട് പ്രദേശങ്ങളിലെ വൈദ്യുതബന്ധം പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ട്രാൻസ്ഫോർമറുകൾ വെള്ളംകയറി നശിച്ചതിനാൽ ഇവിടെ താമസമുണ്ടാവുമെന്ന് അധികൃതർ അറിയിച്ചു.